LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : നാട്ടിന്റെ നാനാഭാഗങ്ങളിലും.

ശ്രീ. പ്രാക്കുളം ഭാസി : തിരുവല്ലാ, മാവേലിക്കര മുതലായ താലൂക്കുകളിൽ ഇതു സംബന്ധിച്ച പ്രവർത്തനം നടത്തുമോ ?

ശ്രീ. എ. എ. റഹിം : അവിടെയും നടത്തുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം, ശക്തികുളങ്ങര എന്നീ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുമോ?

ശ്രീ. എ. എ. റഹിം : ഓരോ സ്ഥലത്തേക്കും ആവശ്യംപോലെ വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : പ്രയാറിട്ടി നിശ്ചയിക്കുന്ന ലിസ്റ്റുണ്ടോ?

ശ്രീ. എ. എ. റഹിം : അങ്ങിനെ ഒരു ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : ആ ലിസ്റ്റിൽ വല്ല വ്യതിയാനവും വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : വ്യതിയാനമൊന്നും വരുത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ പ്രയാറിട്ടി ഏതു താലൂക്കിനാണ്.

ശ്രീ. എ. എ. റഹിം : ഇപ്പോൾ കുഴക്കിണർ കുഴിപ്പിക്കുന്ന കാര്യത്തിൽ ഫസ്റ്റ് പ്രയാറിട്ടി കരുനാഗപ്പള്ളി താലൂക്കിനാണ് ഇപ്പോൾ ഒരു യന്ത്രം ഉള്ളതുകൊണ്ടാതെ, രണ്ടാമതു് ഒരെണ്ണം പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്നതിനു് പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചിട്ടുണ്ട്. കൂടാതെ രണ്ടു യന്ത്രങ്ങൾകൂടി വരുത്തുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ ആകെ നാലു യന്ത്രങ്ങൾ ഉണ്ടെന്നാണോ വിശ്വസിക്കേണ്ടതു്?

ശ്രീ. എ. എ. റഹിം : അതെ.

ശ്രീ. പ്രാക്കുളം ഭാസി : പുതിയ രണ്ടു യന്ത്രങ്ങൾ എന്നത്തേക്ക് പ്രതീക്ഷിക്കാം?

ശ്രീ. എ. എ. റഹിം : ഒന്നരണ്ടു മാസത്തിനുള്ളിൽ കിട്ടുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഒന്നരണ്ടു മാസങ്ങൾക്കുള്ളിൽ തീരപ്രദേശങ്ങളിലെ ശുദ്ധജലദാരിദ്ര്യം പരിഹരിക്കപ്പെടുമോ ?

ശ്രീ. എ. എ. റഹിം : അങ്ങിനെ പ്രതീക്ഷിക്കാം.

കുടിനൈസേഷൻ പദ്ധതികൾ.

* 704. [14] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1954–55, 55–56 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തു് എത്ര കുടിനൈസേഷൻപദ്ധതികൾ ആരംഭിച്ചു; എവിടെയെല്ലാം;

(ബി) 55–56-ൽ ഇനിയുള്ള മാസങ്ങളിൽ പുതുതായി എവിടെയെങ്കിലും പദ്ധതികൾ ആരംഭിക്കുന്നുണ്ടോ ;

(സി) ചിറയിൻകീഴ് താലൂക്കിലെ മണ്ണുപ്പുറം റിസർവിൽ അടുത്തൻ ഒരു പദ്ധതി ആരംഭിക്കുന്നതിനെപ്പറ്റി മന്ത്രിക്ക് എതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1954–55.ൽ ശംസ്ഥാവട്ടം സഹകരണകോളനി ലിമിറഡ് നമ്പർ 11 ആരംഭിച്ചു. 1955–56.ൽ ഒരു കോളനിയും ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രീ. ആർ. പ്രകാശം, എം. എൽ. എ.യുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : ആ നിവേദനത്തെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി അന്വേഷിച്ചു. ഇപ്പോൾ ആ സ്ഥലത്തു് ധാരാളം വൃക്ഷങ്ങൾ നില്പുണ്ടു്. അതു് കുറെയൊക്കെ വെട്ടിവിൽക്കുന്നതിനു് ഗവണ്മെൻറ് നടപടിയെടുത്തുവരുന്നു. ആ വൃക്ഷങ്ങൾ വെട്ടി വിറ്റഴിഞ്ഞാൽത്തന്നെ അവിടെ തെക്കുവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്നാണു് ഗവണ്മെൻറിൻറെ ഉദ്ദേശം. അതുകൊണ്ടു് നിവേദനം അനുസരിച്ചു പ്രവർത്തിക്കുവാൻ ഗവണ്മെൻറിനു നിവൃത്തിയില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ചങ്ങനാശ്ശേരി–ആലപ്പുഴ തോടിൻറെ ഇരുവശങ്ങളിലും വൃക്ഷങ്ങൾ നിൽപ്പുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ഇരുവശങ്ങളിലും ഉള്ള സ്ഥലങ്ങളിൽ കോളനൈസേഷൻ പദ്ധതി ആരംഭിക്കുന്നതിനു് ഗവണ്മെൻറ് ഒരുങ്ങുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എൻ. പരമേശ്വരൻ പിള്ള : കോളനൈസേഷൻ പദ്ധതി നടപ്പിൽ വരുത്തുവാൻ ഏറ്റവും സൗകര്യമുള്ളതും പ്രയോജനമുള്ളതുമായ ഈ സ്ഥലങ്ങളിൽ കഴിയുന്നതും വേഗത്തിൽ കോളനികൾ ഏർപ്പെടുത്തുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലങ്ങളെല്ലാം റോഡുകളുടേയും മറ്റും സൗകര്യത്തിനുകൂടി ഉപയോഗിക്കേണ്ടതാണു്.

ശ്രീ. കെ. എം. ജോർജ് : മൂവാറ്റുപുഴ താലൂക്കിൽ കുട്ടമംഗലം പഞ്ചായത്തിൽ 75 കൊല്ലമായി താമസിക്കുന്ന അതുപോലെ വേണ്ടി ഒരു പുതിയ കോളനി ഉണ്ടാക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഇക്കൊല്ലം പുതിയ കോളനികൾ ആരംഭിക്കുന്നതിനു പകരം, പിന്നെ ഇപ്പോഴുള്ള നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കുള്ള ജോലിയെന്താണു് ?

2|3953|V,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : അവർക്കിതുമാത്രമല്ല, വേറെയും ജോലിയുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : (സി) വിഭാഗത്തിപറയുന്ന റിസർവ്വിൽ ഏതെങ്കിലും ഭാഗം ആർക്കെങ്കിലും കുറെ പ്രാട്ടമായി കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെ നോട്ടീസ് വേണം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : മരത്തെപ്പറയുന്നില്ല, കുഞ്ഞൻ പാറയെന്നാണ് ആ സ്ഥലത്തിന്റെ പേര് എന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഞാൻ അതിനെപ്പറ്റി സ്പെഷ്യൽ നടത്തിയിട്ടില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പലയാർക്കോട്ട റിസർവ്വാക്കി വച്ചിരിക്കയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനും നോട്ടീസ് വേണം.

ശ്രീ. പി. കെ. ചാത്തൻ : 1955-56-ാം വർഷത്തിൽ ഒരൊറ്റ കാളനിയും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോഴത്തെ സ്ഥലത്തു ധാരാളം വൃക്ഷങ്ങൾ ഉള്ളതുകൊണ്ട് സ്ഥാപിച്ചില്ല എന്നാണ് പറഞ്ഞത്. ഇനി ഈ രണ്ടുമാസക്കാലത്തിനുള്ളിൽ ഏതെങ്കിലും സ്ഥാപിക്കാനൊക്കുമോയെന്നുള്ള കാര്യവും സംശയമാണ്.

ശ്രീ. പി. കെ. ചാത്തൻ : മരങ്ങളില്ലാത്ത സ്ഥലത്തു കാളനെ സേഷൻ നടപ്പാക്കുന്നതിൽ എന്താണ് വിഷമമുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനെസേഷൻ പദ്ധതി നടപ്പിൽ വരുത്തുന്ന കാര്യത്തെപ്പറ്റിയാണ് ഈ ചോദ്യം. 75 ഏക്കർ സ്ഥലം ഒന്നായി വന്നാലെ കാളനെസേഷൻ പദ്ധതി നടപ്പിൽവരുത്തുവാൻ കഴിയുകയുള്ളൂ. ഹരിജന കാളനികളെ ഉദ്ദേശിച്ചുള്ള ചോദ്യം.

പഞ്ചായത്താഫീസറന്മാരെപ്പറ്റി പരാതികൾ.

* 705. [15] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യത്തിന്മേൽ ഉദ്ദേശസമ്പർഭരണവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) പഞ്ചായത്താഫീസറന്മാരെ നിയമിച്ച പഞ്ചായത്തുകളിൽനിന്ന് ഏതെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എത്ര ആഫീസറന്മാരെപ്പറ്റി പരാതി ഉണ്ടായി; ഏതെല്ലാം ആഫീസറന്മാരെപ്പറ്റി എന്തെല്ലാം പരാതികളാണുണ്ടായിട്ടുള്ളതെന്നു പറയുമോ;

(ബി) മണ്ണൂർ പഞ്ചായത്താഫീസറെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോ; എത്ര പരാതി കിട്ടി; അതിന്മേൽ അന്വേഷണം നടത്തിയോ; ടി ആഫീസറുടെ മേൽ എന്തെങ്കിലും നടപടി എടുത്തോ;

LIBRARY ARCHIVES Kerala Legislative Assembly